**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7686 — 23.7.2012 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | 2011 മെയ് മാസം മുതൽ 2012 ജൂൺ മാസം വരെ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചു ; | (എ) | നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |
| (ബി) | പ്രസ്തുത തുകയിൽ എന്ത് തുക നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട് ; | (ബി) | ബാധകമല്ല |
| (സി) | ദുരിതാശ്വാസ സഹായങ്ങൾ കൊട്ടാരക്കര താലൂക്കിൽ നിന്നും സമയബന്ധിതമായി വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | (ഡി) | അപേക്ഷകരുടെ ബാഹുല്യവും, ഫണ്ടിന്റെ അപര്യാപ്തതയും മൂലമാണ് ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരിക്കുന്നതിനു കാരണം. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.